പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3464 — 23.06.2014 ൽ മറുപടിക്ക്

സെക്സ് റാക്കറ്റുകളുടെ പ്രവർത്തനവും വലയിൽപ്പെടുന്നവരും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>" ബി.ഡി. ദേവസ്സി<br>" കെ. കുഞ്ഞമ്മത്മാസ്റ്റർ<br>" സാജുപോൾ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് 'സെക്സ്റാക്കറ്റുകൾ വർദ്ധിച്ചുവരുന്ന തായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല |
| (ബി) | സെക്സ് റാക്കറ്റുകളുടെ പ്രവർത്തനം നടക്കുന്നകേന്ദ്രങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; | (ബി) | സെക്സ് റാക്കറ്റുകളെ കണ്ടെത്തുന്നതിനായി റെയിഡുകളും വ്യാപകമായ അന്വേഷണങ്ങളും നടത്തുന്നുണ്ട്. |
| (സി) | സെക്സ്റാക്കറ്റിന്റെ വലയിൽപെടുന്നവരിൽ ഏറെയും വിദ്യർത്ഥിനികളാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | പെരുവണ്ണാമൂഴിക്കടുത്ത് സ്കൂൾ കേന്ദ്രീകരിച്ച് നടന്ന സെക്സ്റാക്കറ്റിന്റെ വലയിലായി പീഡനത്തിനിരയായ പ്ലസ്വൺ വിദ്യാർത്ഥിനി ആത്മഹത്യചെയ്ത സംഭവം സംബന്ധിച്ച കേസന്വേഷണം ഇപ്പോൾ ഏത്ഘട്ടത്തിലാണ്; ഈ കേസ്സിലെ പ്രതികൾ ഗൾഫിലേക്ക് കടക്കാനിടയായത് പോലീസിന്റെവീഴ്ച മൂലമാണെന്ന ആക്ഷേപത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ; | (ഡി) | അന്വേഷണം അവസാന ഘട്ടത്തിലാണ്. കൂടുതൽ സാക്ഷികളെ വിസ്തരിച്ചുവരുന്നു. അന്വേഷണത്തിൽ പോലീസ് വീഴ്ച വരുത്തിയിട്ടില്ല. |
| (ഇ) | സെക്സ്റാക്കറ്റുകളുമായി ബന്ധപ്പെട്ട രജിസ്റ്റർ ചെയ്യപ്പെട്ട എത്ര കേസുകളിലിപ്പോഴും അന്വേഷണം നടത്തിവരുന്നുണ്ട്; കുറ്റപത്രം സമർപ്പിച്ചവ എത്ര? | (ഇ) | 24 കേസുകളിൽ അന്വേഷണം നടത്തുന്നുണ്ട്. 10 കേസുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻഓഫീസർ